# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 17, തിങ്കൾ

**നമ്പർ 24**

രാവിലെ 8.30 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു. നോട്ടീസ് നൽകിയിരുന്ന ഒന്നാം നമ്പർ അടിയന്തര ചോദ്യത്തിന് നോട്ടീസ് നൽകിയ അംഗം സഭയിൽ ഹാജരല്ലാത്തതിനാൽ മറുപടി നൽകുകയുണ്ടായില്ല.

ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന:

വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ഇ.പി. ജയരാജൻ, മന്ത്രിസഭയിൽ നിന്നുള്ള തന്റെ രാജി സംബന്ധിച്ച് ചട്ടം 64 അനുസരിച്ച് ഒരു പ്രസ്താവന നടത്തി.

അടിയന്തര പ്രമേയം:

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചട്ടങ്ങൾ മറികടന്ന് ബന്ധുക്കളെ നിയമിച്ചത് സംബന്ധിച്ച ആരോപണങ്ങളെ തുടർന്ന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി രാജിവയ്ക്കാൻ ഇടയായ സാഹചര്യംമൂലം ഉളവായതായി പറയപ്പെട്ട ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി.ഡി. സതീശനും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് (എം), ബി.ജെ.പി. എന്നിവ ഒഴികെയുള്ള പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

KNPP.1340/2016(i).

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

(1) സംസ്ഥാനത്തുനിന്നും നിയമാനുസൃതമല്ലാതെ വിവിധ ഏജൻസികൾ ഗൾഫ് രാജ്യങ്ങളിൽ എത്തിച്ച സ്ത്രീകൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. റ്റി.വി. രാജേഷ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു.

(2) മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളേയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അൻവർ സാദത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

<u>ചട്ടം 304 അനുസരിച്ച് താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ അവതരിപ്പിച്ചു:</u>

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ.ജെ. മാക്സി | ഫോർട്ട് കൊച്ചി ഫയർ ആന്റ് റെസ്ക്യൂ നിലയത്തിന്റെ പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. എ.പി. അനിൽകുമാർ | വണ്ടൂരിൽ, പോലീസ് സ്റ്റേഷനിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട അബ്ദുൽ ലത്തീഫിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി.പി. സജീന്ദ്രൻ | കൊച്ചിൻ റിഫൈനറിയിലെ വാതക ചോർച്ച സംബന്ധിച്ച് | മുഖ്യമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. ഡി.കെ. മുരളി | കുറുപുഴ വില്ലേജിലെ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഇ.കെ. വിജയൻ | പശുക്കടവിൽ ദുരന്തനിവാരണസേനയുടെ സ്ഥിരം യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ.എം. ഷാജി | പൊടിക്കുണ്ടിലെ സ്ഫോടനത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി.കെ. ശശി | ആരോഗ്യത്തിനും ജീവനും ഭീഷണിയായ ഭക്ഷ്യോൽപന്നങ്ങളുടെ വിപണനം തടയുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഹൈബി ഈഡൻ | കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിലെ സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. പുരുഷൻ കടലുണ്ടി | ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മേഖലകളിലെ തൊഴിൽ സംരക്ഷണം സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഒ. രാജഗോപാൽ | പാലക്കാട് വിക്ടോറിയ കോളേജിൽ ദേശീയഗാനം നിരോധിച്ചത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

ഉന്നയിക്കപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് അതത് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

1. <u>ചട്ടം 47 (2) പ്രകാരം:</u>

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 258, പതിനഞ്ചാം സമ്മേളനത്തിലെ 2022, 3521, പതിനാറാം സമ്മേളനത്തിലെ 3090 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3490-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. <u>ചട്ടം 236(5) പ്രകാരം:</u>

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായവും ധാതുക്കളും | 2012-13 | 2 | 79 |
| | 2014-15 | 4 | 34,44,45,48, 50,57,58,59 |
| XIV- ആഭ്യന്തരകാര്യങ്ങൾ | 2014-15 | 4 | 2,3,4,5,6 |
| XIV- ആഭ്യന്തരം | 2014-15 | 4 | 3,4,10 |
| III - ജലവിഭവം | 2012-13 | 2 | പൊതുശിപാർശ 3 |
| | 2014-15 | 4 | 12,15,35,41,44, 45,47,48,49, 50,61,67,68, 70,71,76 |
| I- കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 36,37,38,39, 40,41,42,56, 57,58 |

| | | | |
|---|---|---|---|
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 51,52,53,54, 55,56,57,58, 59,60,61,62 |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2013-14 | 3 | 28 |

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

1. 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.
2. സബ്ജക്ട് കമ്മിറ്റി II-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.
3. സബ്ജക്ട് കമ്മിറ്റിII-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

<u>ധനകാര്യം:</u>

<u>2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.</u>

പൊതുമരാമത്ത് എന്ന XV-ാം ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥന, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥന വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും അവതരിപ്പിച്ചു.

XV, XXXI, XXXII, XXXIV എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2,3,4,6,8,9,10,18,20,22,23,24,25,31,32 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXI-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1,3,5,10,11,16,17,18,19,21,24,25 XXXII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2,3,4,5,7,12,13,14,15,19,20,24,25 XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ. 1,4,5,6,7,8,9,11,13,17,19,21,25 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

<u>താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:</u>

ശ്രീ. എസ്. രാജേന്ദ്രൻ

,, അനിൽ അക്കര

,, ഇ.കെ. വിജയൻ

,, എൻ. ഷംസുദ്ദീൻ

,, സി.കെ. നാണു

,, എൻ. വിജയൻ പിള്ള

,, മോൻസ് ജോസഫ്

,, ബി.ഡി. ദേവസ്സി

,, എൽദോസ് കുന്നപ്പിള്ളി

,, സി.കെ. ഹരീന്ദ്രൻ

,, പി.സി. ജോർജ്

,, കെ. രാജൻ

,, അനൂപ് ജേക്കബ്

,, ജോർജ് എം. തോമസ്

,, പി.കെ. ബഷീർ

,, എ. പ്രദീപ്കുമാർ

,, കെ.സി. ജോസഫ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട . കാര്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും തുടർന്ന് ധനാഭ്യർത്ഥനകൾ XV, XXXI, XXXII, XXXIV എന്നിവ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

2016 ഒക്ടോബർ 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 4.59 ന് സഭ പിരിഞ്ഞു.

വി. കെ. ബാബു പ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of Proceedings)

*Monday , October 17, 2016 .*

**No. 24**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally. Short Notice Question No.1 was not answered as the member who had given notice was absent.

*Statement under Rule 64:*

Shri E. P. Jayarajan made a statement Under Rule 64 regarding his resignation from the office of the Minister for Industries and Sports.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld the consent to the moving of an adjournment motion given notice of by Shri V.D. Satheesan and two other members regarding the serious situation that was reported to have arisen due to resignation of the Minister for Industries and Sports on charges of nepotism in appointments in the Public Undertakings of the state.

As a mark of protest against the attitude of the Government the Members belonging to the opposition, except Members belonging to Kerala Congress (M) and BJP, staged walkout.

KNPP.1340/2016(ii).

*Calling Attention:*

(1) Shri T.V. Rajesh called the attention of the Chief Minister to the necessity to solve the miseries reportedly being experienced by the women from the State, who had been illegally emigrated to Gulf countries by various agencies. The Chief Minister made a statement thereto.

(2) Shri Anwar Sadath called the attention of the Minister for Education to the necessity to take steps to bring, students of all Government and Aided schools in the State, under the Comprehensive Health Insurance Scheme. The Minister for Education made a statement thereto.

*Matters raised under Rule 304:*

The matters raised by members under Rule 304 is listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ.ജെ. മാക്സി | ഫോർട്ട് കൊച്ചി ഫയർ ആന്റ് റെസ്ക്യൂ നിലയത്തിന്റെ പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. പി. അനിൽകുമാർ | വണ്ടൂരിൽ, പോലീസ് സ്റ്റേഷനിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട അബ്ദുൽ ലത്തീഫിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. പി. സജീന്ദ്രൻ | കൊച്ചിൻ റിഫൈനറിയിലെ വാതക ചോർച്ച സംബന്ധിച്ച് | മുഖ്യമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. ഡി.കെ. മുരളി | കറുപുഴ വില്ലേജിലെ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഇ.കെ. വിജയൻ | പശുക്കടവിൽ ദുരന്തനിവാരണസേനയുടെ സ്ഥിരം യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ.എം. ഷാജി | പൊടിക്കുണ്ടിലെ സ്ഫോടനത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി.കെ. ശശി | ആരോഗ്യത്തിനും ജീവനും ഭീഷണിയായ ഭക്ഷ്യോൽപന്നങ്ങളുടെ വിപണനം തടയുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഹൈബി ഈഡൻ | കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിലെ സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. പുരുഷൻ കടലുണ്ടി | ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മേഖലകളിലെ തൊഴിൽ സംരക്ഷണം സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഒ. രാജഗോപാൽ | പാലക്കാട് വിക്ടോറിയ കോളേജിൽ ദേശീയഗാനം നിരോധിച്ചത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 51,52,53,54, 55,56,57,58, 59,60,61,62 |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2013-14 | 3 | 28 |

*Presentation of Reports:*

The following Reports were presented.

1. The Report of the Subject Committee VIII on the Kerala Infrastructure Investment Fund (Amendment) Bill, 2016.
2. The periodical Report of Subject Committee II as on 31st March 2016.
3. Report of the Subject Committee II on the action taken on the recommendations contained in the Fifth Report on the scrutiny of Demands for Grants for the financial year 2015-16.

*Financial Business:*

Discussion and Voting on Demands for Grants in the Revised Budget for the Financial Year 2016-17.

Shri G. Sudhakaran, Minister for Public Works and Registration moved Demand Number XV-Public Works for the amount shown under column 9 in the list of Demand for Grants and Shri K. Raju, Minister for Forest, Animal Husbandary and Zoo moved Demand Number XXXI - Animal Husbandary, demand Number XXXII- Dairy and Demand Number XXXIV - Forest for the amounts shown respectively against them under Column 9 in the list of Demands for Grants.

DR. T. M. Thomas Isaac, Minister for Finance and Coir laid on the Table the statement under Rule 236 (3) relating to Demand Numbers XV, XXXI, XXXII, and XXXIV.

Cut motion numbers 2,3,4,6,8,9,10,18,20,22,23,24,25,31,32 in the list of cut motions for Demand Number XV, cut motion Numbers 1,3,5,10,11,16, 17,18,19,21,24,25 in the list of cut motion under Demand Number. XXXI,

cuts motion Numbers 2,3,4.5,7,12,13,14,15,19, 20,24,25 in the list of cut motions under Demand Number XXXII and cut motion Numbers 1,4,5,6,7,8,9,11,13,17,19,21,25 in the list of cut motions under Demand Number XXXIV were moved.

The following members took part in the discussion:

Shri S. Rajendran

" Anil Akkara

" E. K. Vijayan

" N. Samsudheen

" C. K. Nanu

" N. Vijayan Pillai

" Mons Joseph

" B. D. Devassy

" Eldhose Kunnappilly

" C. K. Hareendran

" P. C. George

" K. Rajan

" Anoop Jacob

" George M. Thomas

" P. K. Basheer

" A. Pradeepkumar

" K. C. Joseph

Shri G. Sudhakaran, Minister for Public Works and Registration and Shri K. Raju, Minister for Forest, Animal Husbandary and Zoo replied to the points raised in the discussion. The cut motions moved were withdrawn by the leave of the House. The Demand Nos. XV, XXXI, XXXII and XXXIV were then put to vote and declared passed.

The House adjourned at 4.59 p.m. to meet again at 8.30 a.m. on Tuesday, October 18, 2016.

V. K. BABU PRAKASH,
*Secretary.*